## കർത്താവ് ഒരു പ്രാർഥന മനുഷ്യനായിരുന്നു

**I. രാജ-രക്ഷകൻ ഒരു പ്രാർഥന മനുഷ്യനായിരുന്നു, പിതാവിന്റെ ഭവനമായ സഭ പ്രാർഥനാ ഭവനമായിരിക്കണമെന്നതിനെ സംബന്ധിച്ച് അവൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു; കർത്താവ് പ്രാർഥിക്കുന്നത് ശിഷ്യന്മാർ കണ്ടപ്പോൾ, തങ്ങളെയും പ്രാർഥിക്കുവാൻ പഠിപ്പിക്കണമെന്ന് അവർ അവനോട് ആവശ്യപ്പെട്ടു**

- ഒരു പ്രാർഥനാ മനുഷ്യനെന്ന നിലയിൽ കർത്താവായ യേശു:
  - എല്ലായ്പോഴും ദൈവവുമായി ഒന്നായിരുന്നു
  - ഇടവിടാതെ ദൈവസന്നിധിയിൽ ജീവിച്ചു;
  - ഏതൊരു തരത്തിലുള്ള കഷ്ടത്തിനും ഉപദ്രവത്തിനും കീഴിൽ തന്നിൽത്തന്നെ ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിച്ചു
  - എന്ന മനുഷ്യനിൽ ലോകത്തിന്റെ അധിപനായ സാത്താന് ഒന്നുമില്ലായിരുന്നു

## പ്രാർഥനയുടെ മാതൃക

**II. മത്തായി 6-ൽ കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർഥനയുടെ മാതൃക ദൈവഹിതം പ്രകടിപ്പിക്കുന്ന പ്രാർഥനയാണ്**

- "സ്വർഗസ്ഥനായ നമ്മുടെ പിതാവിനോട്" "ഇപ്രകാരം പ്രാർഥിക്കുവിൻ" എന്ന് നമ്മോടുള്ള കർത്താവിന്റെ നിർദ്ദേശമാണ് മത്തായി 6:9-13; പ്രാർഥനയുടെ ഈ മാതൃകയെ മൂന്ന് ഭാഗങ്ങളായി തിരിക്കുവാൻ കഴിയും:
  - ദൈവത്തെ സംബന്ധിച്ച മൂന്ന് അടിസ്ഥാന പ്രാർഥനകൾ ദിവ്യ ത്രിത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു; "നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ" എന്നത് പ്രധാനമായും പിതാവിനോടും; "നിന്റെ രാജ്യം വരേണമേ" എന്നത് പുത്രനോടും; "നിന്റെ ഇഷ്ടം നടപ്പാക്കേണമേ" എന്നത് ആത്മാവിനോടും ബന്ധപ്പെട്ടിരിക്കുന്നു—വാ. 9-10
  - നമ്മുടെ ആവശ്യത്തെക്കുറിച്ചുള്ള മൂന്ന് അപേക്ഷകൾ സംരക്ഷണ പ്രാർഥനകളാണ്: "അന്നന്നുള്ള ഞങ്ങളുടെ അപ്പം ഇന്നു ഞങ്ങൾക്കു നല്കേണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്കു കൊണ്ടുവരാതെ, ദുഷ്ടനിൽനിന്ന് ഞങ്ങളെ വിടുവിക്കേണമേ"—വാ. 11-13
  - പിതാവിനോടുള്ള പ്രാർഥന മൂന്ന് ആദരവോടുകൂടിയ സ്തുതികളോടെ അവസാനിക്കുന്നു: "എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിന്റേതാകുന്നു. ആമേൻ"—രാജ്യം പുത്രന്റേതാണ്, അത് ദൈവം തന്റെ ശക്തി പ്രയോഗിക്കുന്ന മണ്ഡലമാണ്; ശക്തി ആത്മാവിന്റേതാണ്, പിതാവിന് മഹത്വത്തിൽ തന്റെ സംഘാത ആവിഷ്കാരം ഉണ്ടായിരിക്കത്തക്കവണ്ണം അത് ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നു—മത്താ. 6:13
  - അങ്ങനെ, കർത്താവിന്റെ പ്രാർഥനയുടെ മാതൃക ദിവ്യത്രിത്വത്തിൽ ആരംഭിച്ച് ദിവ്യത്രിത്വത്തിൽ അവസാനിക്കുന്നു.
- ഇങ്ങനെയുള്ള നിർണ്ണായകമായ ഒരു പ്രാർഥന, പിതാവിന്റെ ഹൃദയാഗ്രഹമായ സ്വർഗരാജ്യത്തിനായുള്ള നമ്മുടെ അന്വേഷണം വർദ്ധിപ്പിക്കുകയും ദൈവത്തിന്റെ സുപ്രസാദത്തിനുവേണ്ടി സ്വർഗരാജ്യത്തിന്റെ പരമോന്നതവും കർശനവുമായ എല്ലാ ആവശ്യകതകളും നിറവേറ്റുന്നതിന് നമുക്കാവശ്യമായ കൃപയുടെ ദിവ്യസഹായം പ്രദാനം ചെയ്യുകയും ചെയ്യുന്നു.

## നമ്മെത്തന്നെ ദൈവത്തിലേക്ക് പ്രാർഥിക്കുന്നത്

**III. ലൂക്കൊസ് 11:1-13-ലുള്ള കർത്താവിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാം പ്രാർഥിക്കുന്നുവെങ്കിൽ, അതിന്റെ ഫലം നാം നമ്മെത്തന്നെ ദൈവത്തിലേക്ക് പ്രാർഥിക്കുന്നതായിരിക്കും**

- പലപ്പോഴും നമ്മുടെ അനുഭവത്തിൽ നാം ദൈവത്തിൽനിന്ന് വ്യതിചലിപ്പിക്കപ്പെടുന്നു; നാം ദൈവത്തിൽ തങ്ങുന്നില്ല—നാം അവനിൽ നിലനിൽക്കുന്നില്ല; ഇതുകൊണ്ടാണ് നാം നമ്മെത്തന്നെ ദൈവത്തിലേക്ക് പ്രാർഥിക്കേണ്ടത്
- അവനിലേക്ക് നമ്മെത്തന്നെ പ്രാർഥിച്ചുകൊണ്ട് നാം എല്ലാ പ്രഭാതത്തിലും അവനുമായി സമയം ചെലവഴിക്കണം
- നാം നമ്മെത്തന്നെ അവനിലേക്ക് പ്രാർഥിക്കത്തക്കവണ്ണം നമ്മുടെ പ്രാർഥനാരീതി മാറ്റണം
- നാം നമ്മെത്തന്നെ ദൈവത്തിലേക്ക് പ്രാർഥിക്കുമ്പോൾ, അപ്പം, മത്സ്യം, മുട്ട എന്നിവയാൽ പ്രതിനിധീകരിക്കപ്പെടുന്ന അവന്റെ സമ്പത്ത് നമ്മുടെ സഹായത്തിനായി നമ്മുടെ ആളത്തത്തിലേക്ക് സ്വീകരിക്കുന്നു. അപ്പം ദേശത്തിന്റെ സമ്പത്തിനെയും; മത്സ്യം കടലിലെ സമ്പത്തിനെയും; മുട്ട വായുവിലും ഭൂമിയിലുമുള്ളതായതിന്റെ സമ്പത്തിനെയും പ്രതിനിധീകരിക്കുന്നു; ഈ സമ്പത്തുകളുടെ ആകെത്തുകയാണ് പരിശുദ്ധാത്മാവ്
- പ്രാർഥിക്കുകയെന്നാൽ നാം ഒന്നുമല്ലെന്നും നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ലെന്നുമാണ് അർഥമാക്കുന്നത്; പ്രാർഥന സ്വയത്തിന്റെ യഥാർഥ ത്യജിക്കലാണെന്ന് ഇത് വിവക്ഷിക്കുന്നു
- പ്രാർഥിക്കുന്നത് വാസ്തവത്തിൽ "ഞാനല്ല, ക്രിസ്തുവത്രേ" എന്ന് പ്രഖ്യാപിക്കുന്നതാണ്;

## പ്രാർഥനയുടെ തത്വം—ദൈവത്തിന്റെ താല്പര്യങ്ങൾക്കായി പ്രാർഥിക്കുന്നത്

**IV. ദൈവം നമ്മുടെ പ്രാർഥനകൾ കേൾക്കണമെങ്കിൽ, വിശുദ്ധ ദേശത്താലും, വിശുദ്ധ നഗരത്താലും, വിശുദ്ധ മന്ദിരത്താലും സൂചിപ്പിക്കപ്പെടുന്ന ദൈവത്തിന്റെ താല്പര്യങ്ങൾക്കായി നാം പ്രാർഥിക്കേണ്ടതാവശ്യമാണ്**

- വിശുദ്ധ ദേശം വിശ്വാസികൾക്ക് ദൈവം നറിക്കിട്ടു നൽകിയ ഓഹരിയായ ക്രിസ്തുവിനെ മുൻകുറിക്കുന്നു; വിശുദ്ധ നഗരം ക്രിസ്തുവിലുള്ള ദൈവരാജ്യത്തെ സൂചിപ്പിക്കുന്നു; വിശുദ്ധ മന്ദിരം ഭൂമിയിലെ ദൈവത്തിന്റെ ഭവനമായ സഭയെ സൂചിപ്പിക്കുന്നു
- ഇതർഥമാക്കുന്നത്, നാം ആർക്കുവേണ്ടി പ്രാർഥിച്ചാലും, നമ്മുടെ പ്രാർഥനകൾ ദൈവത്തിന്റെ താല്പര്യങ്ങളെ ലക്ഷ്യമാക്കിയുള്ളതായിരിക്കണം, അതായത്, ദൈവത്തിന്റെ വ്യവസ്ഥയുടെ നിറവേറലിനുവേണ്ടി ഭൂമിയിലെ ദൈവത്തിന്റെ താല്പര്യങ്ങളായ ക്രിസ്തുവിനെയും സഭയെയും ലക്ഷ്യമാക്കിയുള്ളതായിരിക്കണം.